# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 15** **08/06/2015-ൽ മറുപടിയ്ക്ക്**

## സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. ജോസഫ് വാഴയ്ക്കൻ:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. പി. എ. മാധവൻ:** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) **സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;**<br><br>(ബി) **എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;**<br><br>(സി) **എത്ര മത്സ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;** | (എ), (ബി) & (സി) | വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾ പ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ 2 കോടി രൂപ അടങ്കൽ തുകയിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി 1800 ഭവനങ്ങളും 1000 ഭവന അറ്റകുറ്റപ്പണി ധനസഹായവും, 1336 വ്യക്തിഗത സാനിട്ടേഷൻ എന്നിവയ്ക്കുള്ള ധനസഹായവും ഈ പദ്ധതി മുഖേന ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നു. വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിലാണ് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തിൽ പരുത്തിയൂർ, പൂന്തുറ, പുതുക്കുറിച്ചി, വിഴിഞ്ഞം, വെട്ടൂർ, തങ്കശ്ശേരി, ശക്തിക്കുളങ്ങര, പുറക്കാട് , കാട്ടൂർ, പള്ളിത്തോട് സൗത്ത്, പള്ളിത്തോട് നോർത്ത്, അർത്തുങ്കൽ, കുമ്പളം, ഉദയംപേരൂർ, പള്ളിപ്പുറം, |

വടക്കേക്കര, എടക്കഴിയൂർ, കടപ്പുറം, വെങ്കിടങ്ങ്, പരവണ്ണ, അരിയല്ലൂർ, കൊയിലാണ്ടി, എലത്തൂർ, ചാലിൽ ഗോപാൽപേട്ട, കോട്ടിക്കുളം, ബംഗര മഞ്ചേശ്വരം എന്നീ 25 മത്സ്യഗ്രാമങ്ങളിലും 2013-14 സാമ്പത്തിക വർഷത്തിൽ വലിയവേളി, തുമ്പ, അടിമലത്തുറ, കണ്ണാന്തുറ, നീണ്ടകര, മൂത്താക്കര, ഇരവിപുരം, ആറാട്ടുപുഴ, പുന്നപ്ര, മാനശ്ശേരി, ഇടവനക്കാട്, ആനാപ്പുഴ, ബ്ലാങ്ങാട്, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ, തയ്യിൽ, അഴിക്കോട്, വലിയപറമ്പ, ഷിറിയ എന്നീ 20 മത്സ്യഗ്രാമങ്ങളിലും 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പാട്, തെക്കുംഭാഗം/തേവലക്കര, വാടാനപ്പള്ളി, വൈക്കം, കോയിപ്പാടി, എടക്കാട്, കസബ, മടപ്പള്ളി, ചിലക്കൂർ, കൂട്ടായി, മാമ്പള്ളി, പള്ളിത്തുറ എന്നീ 12 മത്സ്യഗ്രാമങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(ഡി) **എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?**

(ഡി) 57 മത്സ്യഗ്രാമങ്ങളിലായി കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുടിവെള്ള വിതരണം (57 എണ്ണം)- 51.39 കോടി രൂപ

വൈദ്യുതീകരണം (57 എണ്ണം) - 23.03 കോടി രൂപ

സാനിട്ടേഷൻ (20 പബ്ലിക് ടോയ്‌ലറ്റ്,- 11.58 കോടി രൂപ
3525 വ്യക്തിഗത ടോയ്‌ലറ്റുകൾ)

ലൈബ്രറി സഹായം (32 എണ്ണം) - 8.99 കോടി രൂപ

ഹൈമാസ്റ്റ് ലൈറ്റുകൾ (104 എണ്ണം)- 7.79 കോടി രൂപ

ജീവനോപാധി സഹായം (1 മത്സ്യമാർക്കറ്റ്, -
1862 വള്ളവും വലയും) - 8.90 കോടിരൂപ

**സെക്ഷൻ ആഫീസർ**